# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

13.06.2012 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 880

## <u>പിന്നോക്ക ക്ഷേമ വികസന കോർപ്പറേഷൻവഴി നടപ്പിലാക്കിയ പദ്ധതികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.റ്റി.എൻ പ്രതാപൻ<br>ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം പിന്നോക്ക ക്ഷേമ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ശിൽപ് സമ്പദ വായ്പ, കൃഷി സമ്പദ വായ്പ, ബിസിനസ്സ് ഡവലപ്പ്മെന്റ് വായ്പ എന്നീ വായ്പാ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതുകൂടാതെ നിലവിലുള്ള താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു.<br><br>1. ഭവനശ്രീ വായ്പ<br>2. വിദ്യാർത്ഥികൾക്കുള്ള കമ്പ്യൂട്ടർ വായ്പ<br>3. ഉദ്യോഗസ്ഥർക്കുള്ള കൺസ്യൂമർ ഡ്യൂറബിൾ വായ്പ<br>4. വിദ്യാഭ്യാസ വായ്പ<br>5. വിദേശത്ത് ജോലി നേടി പോകുന്നവർക്കുള്ള വായ്പ<br>6. പെൺകുട്ടികളുടെ വിവാഹ വായ്പ<br>7. ലഘു വായ്പ<br>8. ന്യൂ സ്വർണ്ണിമ വായ്പ<br>9. സ്വയം തൊഴിൽ വായ്പ<br>10. സുവർണ്ണശ്രീ വായ്പ<br>11. സ്വസ്ഥഗൃഹ വായ്പ<br>12. ഉദ്യോഗസ്ഥർക്കുള്ള ഇരുചക്ര വാഹന വായ്പ<br>13. വിദ്യാശ്രീ വായ്പ<br>14. പ്രവർത്തന മൂലധന വായ്പ<br>15. മഹിളാ സമൃദ്ധി യോജന വായ്പ<br>16. വാഹന വായ്പ |
| (ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് എന്ത് തുക വിതരണം ചെയ്തുവെന്ന് പറയാമോ; | (ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു |

| | |
|---|---|
| (സി) കോർപ്പറേഷന്റെ പരിധിയിലുള്ള ദുർബല വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കടാശ്വാസ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത് 31/03/2011-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞിട്ടും സാമ്പത്തിക പരാധീനതമൂലം കടിശ്ശിക അടച്ചു തീർക്കാൻ കഴിയാത്തവരുമായ ഗുണഭോക്താക്കൾക്കായി പിഴപ്പലിശ പൂർണ്ണമായും പലിശയുടെ 50%-ഉം ഒഴിവാക്കിക്കൊണ്ട് 31/12/2012 വരെ ഒറ്റത്തവണ തീർപ്പാക്കൽ കടാശ്വാസ പദ്ധതി നടപ്പിലാക്കിക്കൊണ്ട്, 02/06/2012-ലെ സ.ഉ.(എം.എസ്)78/2012/പി.സ.വി.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1 | ശില്പ് സമ്പദ | വായ്പ അനുവദിച്ചിട്ടില്ല. | |
| 2 | കൃഷി സമ്പദ | | |
| 3 | ബിസിനസ്സ് ഡവലപ്മെന്റ് വായ്പ | 1 | 100000 |

| ക്രമ നമ്പർ | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1 | ഭവനശ്രീ വായ്പ | 02 | 200000 |
| 2 | വിദ്യാർത്ഥികൾക്ക് കംപ്യൂട്ടർ വായ്പ | 157 | 7555050 |
| 3 | ഉദ്യോഗസ്ഥർക്കുള്ള കൺസ്യൂമർ ഡ്യൂറബിൾ വായ്പ | 10 | 724000 |
| 4 | വിദ്യാഭ്യാസ വായ്പ | 433 | 85028091 |
| 5 | വിദേശ ത്ത് ജോലി നേടി പോകുന്നവർക്കുള്ള വായ്പ | 07 | 330000 |
| 6 | പെൺകുട്ടികളുടെ വിവാഹ വായ്പ | 3383 | 317633500 |
| 7 | ലഘു വായ്പ | 9667 | 89904000 |
| 8 | ന്യൂ സ്വർണ്ണിമ വായ്പ | 47 | 3579000 |
| 9 | സ്വയംതൊഴിൽ വായ്പ | 7649 | 731759000 |
| 10 | സുവർണ്ണശ്രീ വായ്പ | 2593 | 240141000 |
| 11 | സ്വസ്ഥഗൃഹ വായ്പ | 1610 | 272230000 |
| 12 | ഉദ്യോഗസ്ഥർക്കുള്ള ഇരുചക്ര വാഹന വായ്പ | 160 | 7727400 |
| 13 | വിദ്യാശ്രീ വായ്പ | 14 | 1234000 |
| 14 | പ്രവർത്തന മൂലധന വായ്പ | 706 | 67290000 |
| 15 | മഹിളാ സമൃദ്ധി യോജന | 1746 | 15537000 |
| 16 | വാഹന വായ്പ | 2 | 595000 |
| | ആകെ | **28186** | **1841467041** |

സെക്ഷൻ ഓഫീസർ